# ഹരിതകേരളം മിഷൻ

## തദ്ദേശ ഭരണ സ്ഥാപനത്തിലെ കോർഡിനേറ്റർമാർക്കുള്ള
## കൈപ്പുസ്തകം

2018 ജൂൺ

# ഹരിതകേരളം മിഷൻ

തദ്ദേശ ഭരണ സ്ഥാപനത്തിലെ
കോർഡിനേറ്റർമാർക്കുള്ള
കൈപ്പുസ്തകം

(മലയാളം)

ജൂൺ : 2018

കോപ്പി : 2000

ഹരിതകേരളം മിഷൻ
റ്റി.സി.2/3271(3)(4)
ഹരിതം
കുട്ടനാട് ലെയിൻ
പട്ടം പാലസ് പി.ഒ
തിരുവനന്തപുരം 695004
ഫോൺ : 0471 2449939
ഇ-മെയിൽ : haritham@kerala.gov.in

# ഹരിതകേരളം മിഷൻ

## തദ്ദേശ ഭരണ സ്ഥാപനത്തിലെ കോർഡിനേറ്റർമാർക്കുള്ള കൈപ്പുസ്തകം

ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതിപ്രകാരം 11-ാം പട്ടികയിൽ ഉൾപ്പെടുത്തി കൃഷി, മണ്ണ് സംരക്ഷണം, ജലസേചനവും നീർത്തട വികസനവും, കുടിവെള്ളം, ആരോഗ്യവും, ശുചിത്വവും തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ 74-ാം ഭേദഗതി പ്രകാരം 12-ാം പട്ടികയിൽ ഉൾപ്പെടുത്തി ജലവിതരണം, പൊതുജനാരോഗ്യവും ശുചിത്വവും, ഖരമാലിന്യ പരിപാലനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട ഉത്തരവാദിത്തം നഗരസഭകളിലും നിക്ഷിപ്തമാക്കിയിട്ടുണ്ട്.

കേരളപഞ്ചായത്ത്രാജ് ആക്ടിന്റെ 3-ാം പട്ടിക പ്രകാരം (Section 166 sub section (1) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, കുളങ്ങളുടേയും മറ്റ് ജലസംഭരണികളുടേയും സംരക്ഷണം, ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള തോടുകളുടേയും കനാലുകളുടേയും സംരക്ഷണം, ഖര മാലിന്യ ശേഖരണവും സംസ്ക്കരണവും, ദ്രവ മാലിന്യങ്ങളുടെ സംസ്ക്കരണ നിയന്ത്രണം, പരിസര ശുചിത്വം എന്നിവ അനിവാര്യ ചുമതലകളുടെ കൂട്ടത്തിലും, പരിസ്ഥിതി ബോധവൽക്കരണവും പരിസ്ഥിതി ഗുണമേന്മ വർദ്ധിപ്പിക്കലും, പൗരബോധം വളർത്തൽ എന്നിവ പൊതു ചുമതലകളുടെ കൂട്ടത്തിലും

തരിശ് ഭൂമി കൃഷി, മണ്ണ് സംരക്ഷണം, ജൈവ വള നിർമ്മാണം, പഴം, പച്ചക്കറി കൃഷി വ്യാപനം, നടീൽ വസ്തുക്കളുടെ ഉത്പാദനം, ചെറുകിട ജലസേചന പദ്ധതികളുടേയും സൂക്ഷ്മ ജലസേചന പദ്ധതികളുടെയും പരിപാലനം, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ, കുടിവെള്ള പദ്ധതികൾ നിർമ്മിക്കലും പരിപാലിക്കൽ, ശുചിത്വ പദ്ധതികൾ നടപ്പിലാക്കൽ എന്നിവ മേഖലാതല ചുമതലകളുടെ കൂട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 1-ാം പട്ടിക പ്രകാരം (Section 30 A) പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, കുളങ്ങളുടേയും മറ്റ് ജലസംഭരണികളുടേയും സംരക്ഷണം, നഗരസഭയുടെ നിയന്ത്രണത്തിലുള്ള തോടുകളുടെയും കനാലുകളുടെയും സംരക്ഷണം, ഖരമാലിന്യ ശേഖരണവും സംസ്കരണവും, ദ്രവമാലിന്യ സംസ്കരണ നിയന്ത്രണം, പരിസര ശുചിത്വം എന്നിവ അനിവാര്യ ചുമതലകളുടെ കൂട്ടത്തിലും,

പരിസ്ഥിതി സംരക്ഷണ ബോധം വളർത്തൽ, പരിസ്ഥിതി ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള പ്രാദേശിക ഇടപെടൽ പ്രോത്സാഹിപ്പിക്കൽ എന്നിവ പൊതു ചുമതലകളുടെ കൂട്ടത്തിലും, തരിശുഭൂമികൃഷി, മണ്ണുസംരക്ഷണം, ജൈവവളനിർമ്മാണം, നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കൽ, പഴം പച്ചക്കറി കൃഷി പ്രോത്സാഹനം, ചെറുകിട ജലസേചന പദ്ധതികളുടെ പരിപാലനവും അറ്റകുറ്റപ്പണിയും, സൂക്ഷ്മജലസേചന പദ്ധതികൾ നടപ്പിലാക്കൽ, ജല സംരക്ഷണ പ്രവർത്തനങ്ങൾ, ഭൂഗർഭ ജലവിതാനം ഉയർത്തൽ തുടങ്ങിയവ മേഖലാ ചുമതലകളുടെ കൂട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പ്, ജലസേചന വകുപ്പ്, മണ്ണ് സംരക്ഷണ-പര്യവേക്ഷണ വകുപ്പ്, ആരോഗ്യവകുപ്പ്, വനംവകുപ്പ് തുടങ്ങിയ വകുപ്പുകളും വിവിധ ഏജൻസികളും തനതായും ത്രിതലപഞ്ചായത്തകളുമായി ചേർന്നും നിരവധി പ്രോജക്റ്റുകളും സ്കീമുകളും നടപ്പിലാക്കുന്നുണ്ടെങ്കിലും ആഗ്രഹിക്കുന്ന ലക്ഷ്യപ്രാപ്തിയിലേക്ക് മേൽ സൂചിപ്പിച്ച മേഖലകളിലെ വികസനം എത്തിയിട്ടില്ല. ഈ സാഹചര്യത്തിലാണ് വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നിശ്ചിത സമയത്തിനുള്ളിൽ മേൽ സൂചിപ്പിച്ചമേഖലകളിൽ പ്രതീക്ഷിത മാറ്റം സൃഷ്ടിക്കാനായി നവകേരളം കർമ്മ പരിപാടിയുടെ കീഴിൽ ഹരിതകേരളം മിഷന് രൂപം നൽകിയിട്ടുള്ളത്.

കേരള സർക്കാരിന്റെ 19.04.2017 തീയതിയിലെ സ.ഉ (പി) നം. 10/2017/ആ.സാ.വ നമ്പർ ഉത്തരവിലൂടെ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ, സംഘടനാ രൂപം എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പിന്റെ 15.09.2017 തീയതിയിലെ സ.ഉ (സാധാ) നം 3057/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ചുമതല നഗരസഭകളിൽ ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർമാർക്കും ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാർ/ഹെഡ്ക്ലർക്കിനും നൽകി ഉത്തരവായിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു).

ഹരിതകേരളം മിഷന്റെ തദ്ദേശഭരണ സ്ഥാപനതല പ്രവർത്തനങ്ങളുടെ ചുവടെപ്പറയുന്ന ഏകോപന പ്രവർത്തനങ്ങളാണ് ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ, അസി.സെക്രട്ടറി/ഹെഡ്ക്ലർക്ക് എന്നിവരുടെ നേതൃത്വത്തിൽ പ്രധാനമായും നടക്കേണ്ടത്.

1. തദ്ദേശഭരണ സ്ഥാപനതല മിഷൻ രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരുന്നു എന്ന് ഉറപ്പുവരുത്തൽ
2. തദ്ദേശഭരണ സ്ഥാപനത്തിൽ ഹരിതകേരളംമിഷനുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകൾ അനുസരിച്ചുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തൽ
3. തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ള ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തൽ
4. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനത്തിൽ നടക്കുന്ന നിശ്ചിത പ്രൊഫോർമകളിൽ ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് റിപ്പോർട്ട്

ചെയ്യുക.

5. തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി ആസൂത്രണത്തിനായി രൂപീകരിക്കുന്ന കാർഷിക മേഖല, ശുചിത്വമേഖല, കുടിവെള്ള മേഖല വർക്കിംഗ് ഗ്രൂപ്പുകളെ യോജിപ്പിച്ച് ഹരിതകേരളം മിഷന്റെ തദ്ദേശഭരണ സ്ഥാപനതല കർമ്മസേനയായി പ്രവർത്തിപ്പിക്കുന്നതിന് സഹായം നൽകുക.
6. തദ്ദേശഭരണ സ്ഥാപനതലത്തിൽ വിവിധ ഓഫീസുകളിൽ ഗ്രീൻപ്രോട്ടോക്കോൾ സമയബന്ധിതമായി നടക്കുന്നുവെന്നും, അത് കൃത്യമായി പാലിക്കുന്നുവെന്നും ഉറപ്പുവരുത്തൽ.
7. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശുചിത്വമിഷൻ, കുടുംബശ്രീ, സാക്ഷരതാമിഷൻ അതോറിട്ടി എന്നിവയുമായി ചേർന്ന് ഏകോപനം നടത്തുക.
8. തദ്ദേശഭരണ സ്ഥാപനത്തിലെ ഭരണ സമിതി യോഗങ്ങളിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യുകയും, തുടർപ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുകയും ചെയ്യുക.
9. പെർഫോർമൻസ് ഓഡിറ്റ്, ജില്ലാതല അവലോകന യോഗങ്ങൾ എന്നിവയിലേക്ക് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുക.
10. വിദ്യാലയങ്ങൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
11. ഗ്രാമപഞ്ചായത്ത്/നഗരസഭാതല മിഷനെ ബ്ലോക്ക്/ജില്ലാ മിഷനുകളുമായി ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.
12. പഞ്ചായത്ത്/നഗരസഭാ തല മിഷന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന വിവിധ വിഭവ സ്രോതസ്സുകളുടെ സാധ്യത പ്രയോജനപ്പെടുത്താൻ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുക.
13. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട പരിശീലനങ്ങളിലും യോഗങ്ങളിലും ഗ്രാമപഞ്ചായത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
14. ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്ത് നടക്കുന്ന പ്രവർത്തനങ്ങളുടെ പത്രറിപ്പോർട്ടുകൾ, ഫോട്ടോകൾ, വീഡിയോ ക്ലിപ്പുകൾ മുതലായവ ശേഖരിച്ച് ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുകയും ഹരിതകേരളംമിഷൻ ജില്ലാ കോർഡിനേറ്ററുമായി പങ്കുവയ്ക്കുകയും ചെയ്യുക.
15. മൂന്ന് ഉപമിഷനുകൾക്കും അനുയോജ്യമായ പദ്ധതി തയ്യാറാക്കുന്നതിന് സഹായിക്കുക.

മേൽ സൂചിപ്പിച്ച ഏകോപനം സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതല ഹരിതകേരളം മിഷൻ കോർഡിനേറ്റർമാർ ഹരിതകേരളം മിഷന്റെ ലക്ഷ്യം, ഘടന, പ്രവർത്തന രീതികൾ, സഹായ സംവിധാനങ്ങൾ തുടങ്ങിയവ മനസ്സിലാക്കുകയും അതനുസരിച്ച് ഏകോപനം നടത്തുകയും ചെയ്യേണ്ടതുണ്ട്.

# ഹരിതകേരളം മിഷൻ

- ശുചിത്വ - മാലിന്യ സംസ്കരണം, മണ്ണ് - ജല സംരക്ഷണം, ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷി വികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്നതാണ് ഹരിതകേരളം മിഷൻ.
- ഹ്രസ്വകാല - ദീർഘകാല ലക്ഷ്യങ്ങളും അവ ഓരോന്നും കൈവരിക്കേണ്ട സമയക്രമവും മുൻകൂട്ടി നിർണ്ണയിച്ച് കർമ്മ പദ്ധതി തയ്യാറാക്കുകയും അനുയോജ്യവും നൂതനവുമായ സാങ്കേതിക വിദ്യയും വിദഗ്ധ സഹായവും യഥാസമയം ലഭ്യമാക്കി ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യങ്ങൾ കൈവരിക്കുകയും എന്നതാണ് മിഷനുകളുടെ സമീപനം
- ബഹുജന പങ്കാളിത്തവും എല്ലാ മേഖലയിലേയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മകളുടെ സമഗ്ര പങ്കാളിത്തവും ഉറപ്പാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ നടപ്പിലാക്കുന്നത്.
- പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യസംരക്ഷണ-ക്ഷേമ പ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടേയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധ സേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായസഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കുക.
- മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളുടെ ആസൂത്രണം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുകയും തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒറ്റ പദ്ധതി (Single Plan) തയ്യാറാക്കുകയും പ്രസ്തുത പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവഹണം നടത്തുകയും ചെയ്യുന്നതാണ്.
- വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര/സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം ഈ പദ്ധതിയുമായി സംയോജിപ്പിക്കണം.
- പൊതുസമൂഹത്തിന്റെ നേതൃത്വത്തിലും സഹായത്തിലും രൂപപ്പെടുന്ന പദ്ധതികളും പ്രവർത്തനങ്ങളും മിഷന്റെ ഭാഗമായുള്ള പൊതുപദ്ധതിയുമായി സംയോജിപ്പിക്കും.
- ഇത്തരം പൊതുപദ്ധതി രൂപപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസി

കളുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയും ഇവയ്ക്കുവേണ്ട സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും സഹായ സംവിധാനങ്ങളിലൂടെ മിഷന്റെ നേതൃത്വത്തിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതുമാണ്.

- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി, വരുന്ന 5 വർഷം കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് മിഷൻ വിഭാവനം ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻ വഴി ലക്ഷ്യമിടുന്നുണ്ട്.

## ഹരിതകേരളം മിഷന്റെ പൊതുവായ ലക്ഷ്യങ്ങൾ

- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജല സാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുന:സ്ഥാപന പ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക
- പാരിസ്ഥിതിക സുരക്ഷയും ഉത്പാദനക്ഷമതയും സ്വയം പര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരക ശക്തിയായി പ്രവർത്തിക്കുക.
- ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, ജന പങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക.
- മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭ ജല സംപോഷണം ഉറപ്പാക്കുക.
- ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക.

## ഹരിത കേരളം മിഷന്റെ പൊതുവായ പ്രവർത്തന സമീപനം

- നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപ്പിച്ച് പ്രവർത്തിക്കുക.
- ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക.

- ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലും കാർഷിക മേഖലയിലും ജലവിഭവ മേഖലയിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പഠിച്ച് അനുയോജ്യ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി അവ പരിഹരിക്കുക.
- പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സാധ്യമാക്കുക.
- ജലസ്രോതസ്സുകൾക്കുചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസന പരിപാടികളും മറ്റ് ജലവിനിയോഗ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുക.

## ഹരിതകേരളം മിഷന് വിഷയ മേഖലകളുടെ അടിസ്ഥാനത്തിൽ മൂന്ന് ഉപദൗത്യങ്ങൾ ഉണ്ട്.

1. ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ
2. ജലസംരക്ഷണ ഉപമിഷൻ (ജലശ്രീ)
3. കൃഷി വികസന ഉപമിഷൻ (സുജലം സുഫലം)

## 1. ഉപദൗത്യം-1 : ശുചിത്വ- മാലിന്യ സംസ്കരണം

### ലക്ഷ്യങ്ങൾ

- പുതിയ നഗര ഖര-മാലിന്യ സംസ്ക്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
- ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
- സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
- ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക

### പ്രവർത്തനങ്ങൾ

- ഗാർഹിക/സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ ഉല്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്ന രീതിയും (വികേന്ദ്രീകൃത ഉറവിട ജൈവമാലിന്യ സംസ്ക്കരണം) അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് / ബയോമെഥനേഷൻ രീതി ഉചിതമായ തലങ്ങളിലും (അയൽക്കൂട്ടം/ വാർഡ്/ തദ്ദേശ ഭരണ സ്ഥാപനം) പ്രാവർത്തികമാക്കുന്നതാണ്.

- അജൈവ മാലിന്യങ്ങൾ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുന്നതാണ്.
- ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ ഉചിതമായ തലങ്ങളിൽ പ്രാവർത്തികമാക്കുന്നതാണ്.
- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ വലിയ നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ നൂതന രീതിയിലുള്ള കേന്ദ്രീകൃത സംസ്കരണ സംവിധാനങ്ങളും നടപ്പാക്കുന്നതാണ്.
- മാലിന്യ സംസ്കരണത്തിന് ഓരോ വീട്ടിലും നിലവിൽ ഏത് രീതിയാണ് അവലംബിക്കുന്നതെന്ന് വിലയിരുത്തിയതിനുശേഷം ജൈവ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് എന്നിവയിൽ ഏത് രീതിയാണ് പ്രായോഗികമാകുക എന്ന് കണ്ടെത്തുകയും ആ രീതിയിലേയ്ക്ക് മാറുന്നതിന് വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യുന്നതാണ്.
- ചന്തകൾ, അറവുശാലകൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്.
- ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
- ഉറവിട മാലിന്യ സംസ്കരണം വ്യാപകമാക്കുകയും അനുയോജ്യമായ മാലിന്യ സംസ്കരണ സങ്കേതങ്ങൾ ഉപയോഗിച്ച് മാലിന്യത്തെ ജൈവകൃഷിക്ക് അനുയോജ്യമായ വളമാക്കി മാറ്റി വീടുകളിൽ തന്നെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.
- ബയോഗ്യാസ് സംവിധാനങ്ങളും തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളും, പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിന് ആവശ്യമുള്ള സംവിധാനങ്ങളും വിവിധ തലങ്ങളിൽ ഏർപ്പെടുത്തുന്നതാണ്.
- മാലിന്യം കുറയ്ക്കുക (Reduce), വസ്തുക്കളുടെ പുനരുപയോഗം (Reuse) പ്രോത്സാഹിപ്പിക്കുക, പുന:ചംക്രമണം (Recycle) ഉറപ്പാക്കുക എന്നീ തത്വങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതാണ്.
- അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിത മാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കാമ്പയിനും സംഘടിപ്പിക്കുന്നതാണ്.

## 2. ഉപദൗത്യം-2 : ജലസംരക്ഷണം (ജലസമൃദ്ധി)

**ലക്ഷ്യങ്ങൾ**

- ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തട അടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
- പുതിയൊരു ജലസംരക്ഷണ – വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവിതലമുറയ്ക്ക്കൂടി ഉറപ്പാക്കുക.
- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന-കുടിവെള്ള സോത്രസ്സുകളായി ഉപയോഗിക്കുക എന്ന സമീപനം സ്വീകരിക്കുന്നതാണ്. ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും, രണ്ടാം ഘട്ടത്തിൽ നദികൾ, കായലുകൾ മറ്റ് ജല സ്രോതസ്സുകൾ എന്നിവയുടെ ശുചീകരണവും ഏകോപനത്തോടെ പ്രാവർത്തികമാക്കുന്നതാണ്. കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരശേഖരം തയ്യാറാക്കി ലഭ്യമാക്കും.
- കിണറുകളുടെ ശുചീകരണവും മഴവെള്ള റീ-ചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്.
- ക്വാറികൾ പോലെയുള്ള മനുഷ്യ പ്രവർത്തനങ്ങളായുണ്ടായ ജലസംഭരണകളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കും.
- ഭൂപ്രകൃതിയ്ക്കനുസൃതമായി അനുയോജ്യമായ സാങ്കേതിക വിദ്യ അവലംബിച്ച്, ഭൂജല പോഷണം വഴി പരമാവധി മഴവെള്ളം മണ്ണിലേയ്ക്കിറങ്ങാൻ വേണ്ടി നടപടികൾ (കുന്നിൽ മുകളിൽനിന്ന് താഴ്വാരത്തിലേയ്ക്ക് നീങ്ങുന്ന സമീപനം) സ്വീകരിക്കുന്നതാണ്.
- വ്യവസായിക - ഗാർഹിക ഉപഭോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാ ഘട്ടത്തിലും പരിശോധനയും ജല ഓഡിറ്റിംഗും, ബഡ്ജറ്റിംഗും നടത്തുകയും പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജലം സംരക്ഷണിക്കുന്നതിന് ശ്രമിക്കുന്നതാണ്.
- ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.
- ജലസംരക്ഷണം സാധ്യമാകുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുന്നതാണ്.

## 3. ഉപദൗത്യം-3 : ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം - സുജലം സുഫലം.

**ലക്ഷ്യങ്ങൾ**

- പച്ചക്കറിയിലും മറ്റ് അടിസ്ഥാനകൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗങ്ങൾ) സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
- ഗാർഹിക, സ്ഥാപന തലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (Safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
- വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കു

വേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.

- ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്ക്കരിക്കുക.
- ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
- ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

- കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവന മാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ പുരയിടങ്ങളിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തിക ഭദ്രത നേടിക്കൊടുക്കാൻ ശ്രമിക്കുന്നതാണ്. ഇതിനായി കൃഷി, മൃഗ സംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനിച്ച കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ച് കൊണ്ട് സംയോജിത കൃഷി രീതി അവലംബിക്കുന്നതാണ്.
- നെൽകൃഷിയുടെ വിസ്തൃതി നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായെങ്കിലും വർദ്ധിപ്പിക്കുന്നതാണ്.
- ചെറുകിട-ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സജ്ജമാക്കി കേരളത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, തേൻ, എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവ സാധ്യമാക്കുന്നതാണ്.
- യന്ത്രവൽക്കരണം എത്തിച്ചേരാത്ത മേഖലകളിൽ വ്യാപകമായി യന്ത്രവൽക്കരണം പ്രാവർത്തികമാക്കി ഉല്പാദനച്ചെലവ് കുറയ്ക്കുന്നതാണ്.
- സ്വയം സഹായ സംഘങ്ങളുടേയും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെയും നേതൃത്വത്തിൽ തരിശായികിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്.
- വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതികൾ ഫലപ്രദമായി സംയോജിപ്പിച്ച് ലക്ഷ്യങ്ങൾ കൈവരിക്കുക എന്ന സമീപനമായിരിക്കും സ്വീകരിക്കുക.
- കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും ശക്തിപ്പെടുത്തുക.
- സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി ജൈവകൃഷിക്കുൾപ്പെടെ വായ്പാ സേവനങ്ങൾ മെച്ചപ്പെടുത്തുക, ഉല്പന്ന വിപണന സൗകര്യങ്ങൾ സംഘടിപ്പിക്കുക.
- സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ ഭക്ഷ്യയോഗ്യത മെച്ചപ്പെടുത്തുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

## മിഷൻ ഘടന

**ഹരിതകേരളം - സംസ്ഥാന മിഷൻ**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | മുഖ്യമന്ത്രി |
| സഹാദ്ധ്യക്ഷന്മാർ | : | തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവം(3) |
| ഉപാദ്ധ്യക്ഷന്മാർ | : | ധനകാര്യം, ആരോഗ്യം, വനംവകുപ്പ് മന്ത്രിമാരും, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനും (4) |
| പ്രത്യേക ക്ഷണിതാവ് | : | പ്രതിപക്ഷ നേതാവ് |
| എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ | : | ഡോ. ടി.എൻ.സീമ, മുൻ എം.പി. |
| സാങ്കേതിക ഉപദേഷ്ടാവ് | : | ഡോ. അജയകുമാർ വർമ |
| അംഗങ്ങൾ | : | 1. ചീഫ് സെക്രട്ടറി<br>2. തദ്ദേശ സ്വയംഭരണം, കൃഷി, മൃഗസംരക്ഷണം, ജലവിഭവം, വനം, ആരോഗ്യം, ടൂറിസം, വിദ്യാഭ്യാസം, വ്യവസായം, പരിസ്ഥിതി, വിവരസാങ്കേതികം, ശാസ്ത്ര-സാങ്കേതികം വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ (12)<br>3. ഗ്രാമപ്പഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ മുതലായ സംഘടനകൾ നാമനിർദേശം ചെയ്യുന്ന ഓരോ പ്രതിനിധികൾ (5)<br>4. വൈസ് ചാൻസലർ, കേരള കാർഷിക സർവകലാശാല<br>5. സർക്കാരിന്റെ ഡെവലപ്മെന്റ് അഡ്വൈസർ |
| മിഷൻ സെക്രട്ടറി | : | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

**2. ജില്ലാ മിഷൻ**

സംസ്ഥാനതലത്തിൽ നാല് മിഷനുകൾ പ്രവർത്തിയക്കുമെങ്കിലും ജില്ലാ തലത്തിൽ നാല് വികസന മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ മാത്രമേ ഉണ്ടാകുകയുള്ളൂ.

അധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി

അംഗങ്ങൾ :

1. ജില്ലയിൽ നിന്നുള്ള ലോക്സഭാ അംഗങ്ങൾ
2. രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)
3. മേയർ
4. ജില്ലയിൽ നിന്നുള്ള എം.എൽ.എ. മാർ
5. മുനിസിപ്പൽ ചെയർപേഴ്സന്മാരുടെ ചേമ്പർ നാമനിർദേശം ചെയ്യുന്ന രണ്ട് ചെയർമാൻമാർ
6. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
7. ഗ്രാമപ്പഞ്ചായത്ത് ജില്ലാ അസോസിയേഷന്റെ പ്രസിഡന്റും സെക്രട്ടറിയും
8. ജില്ലാപഞ്ചായത്തിലെ സ്റ്റാന്റിംങ്ങ് കമ്മിറ്റി ചെയർ പേഴ്സൺമാർ
9. ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി
10. ജില്ലാ പ്ളാനിങ്ങ് ഓഫീസർ
11. പ്രിൻസിപ്പൽ കൃഷി ഓഫീസർ
12. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
13. ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം
14. ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വ മിഷൻ
15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
16. ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)
17. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്
18. ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ
19. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
20. പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം
21. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
22. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം

23. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
24. 4 മിഷനുകളുടേയും ജില്ലാ കോ-ഓർഡിനേറ്റർമാർ

മിഷൻ സെക്രട്ടറി &ചീഫ്
കോ-ഓർഡിനേറ്റർ : ജില്ലാ കളക്ടർ &മെമ്പർ സെക്രട്ടറി,
ജില്ലാ ആസൂത്രണ സമിതി

**3. മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷൻ**

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അദ്ധ്യക്ഷൻ : മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ

അംഗങ്ങൾ :
1. എല്ലാ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സന്മാരും
2. ആസൂത്രണ സമിതി വൈസ് ചെയർപേസഴ്സൺ
3. സി.ഡി.എസ്സുകളുടെ ചെയർപേഴ്സന്മാർ
4. വാർഷികപദ്ധതി തയ്യാറാക്കുതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചെയർപേഴ്സന്മാരും വൈസ് ചെയർപേഴ്സന്മാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം-ശുചിത്വം, വിദ്യാഭ്യാസം)
5. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ/ സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി: മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി

**4. ബ്ലോക്ക് മിഷൻ**

ബ്ലോക്ക്തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്

അധ്യക്ഷൻ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :
1. ബ്ലോക്ക് പരിധിയിൽ നിന്നുള്ള എം.എൽ.എ.മാർ
2. ബ്ലോക്ക് പരിധിയിൽ നിുള്ള ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
3. ബ്ളോക്ക് പരിധിയിൽ നിന്നുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ
4. ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സന്മാർ
5. ബ്ളോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ

മിഷൻ സെക്രട്ടറി : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

**5. ഗ്രാമപ്പഞ്ചായത്തുതല മിഷൻ**

ഗ്രാമപ്പഞ്ചായത്തുതലത്തിൽ നാല് മിഷനുകൾക്കും വേണ്ടി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ഒരു മിഷൻ പ്രവർത്തിക്കുന്നതാണ്.

അധ്യക്ഷൻ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

അംഗങ്ങൾ :
1. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ അംഗങ്ങൾ
2. എല്ലാ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സന്മാരും
3. ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ
4. സി.ഡി.എസുകളുടെ ചെയർപേഴ്സന്മാർ
5. വാർഷിക പദ്ധതി തയാറാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചെയർപേഴ്സന്മാരും വൈസ് ചെയർപേഴ്സന്മാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യ ലഘൂകരണം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)
6. ഐ.സി.ഡി.എസ് സൂപ്പർവൈസർ/അസിസ്റ്റന്റ് സി.ഡി.പി.ഒ/ സി.ഡി.പി.ഒ

മിഷൻ സെക്രട്ടറി : ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി

## തദ്ദേശ ഭരണ സ്ഥാപനതലങ്ങളിലെ കർമ്മസേനകൾ

വാർഷിക പദ്ധതി ആസൂത്രണത്തിന് വേണ്ടി ഗ്രാമ, ബ്ളോക്ക് ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന കാർഷിക കാർഷികമേഖലാ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ള മേഖലാ വർക്കിംഗ് ഗ്രൂപ്പ്, ശുചിത്വ മേഖലാ വർക്കിംഗ് ഗ്രൂപ്പ് എന്നിവ സംയുക്തമായി ഹരിത കേരളം മിഷന്റെ സംയോജിത കർമ്മസേനയായി പ്രവർത്തിക്കേണ്ടതാണ്.

- വിവിധ തലങ്ങളിലെ കർമ്മസേനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മറ്റ് ഉദ്യോഗസ്ഥരുടെയോ ഏജൻസികളുടെ പ്രതിനിധികളുടെയോ സന്നദ്ധ സാങ്കേതിക വിദഗ്ധരുടെയോ സേവനം അനിവാര്യമാണെന്ന് കാണുകയാണെങ്കിൽ കർമ്മസേനാ യോഗങ്ങളിൽ അവരെ ക്ഷണിതാവായി പങ്കെടുപ്പിക്കാവുന്നതും പ്രത്യേക ചുമതല കൾ നിശ്ചയിച്ച് നൽകാവുന്നതുമാണ്.
- വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഫലപ്രദമായി ആവിഷ്കരിക്കുന്നതിനും പ്രാദേശിക പദ്ധതികളുമായുള്ള സംയോജനം ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയും ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുക ളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ജലസേചന വകുപ്പിൽ നിന്നും സ. ഉ. (എം.എസ്) നമ്പർ 72/2016/ജലവിഭവം; തീയതി 5.12.2016 പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല നി ശ്ചയിച്ച് നൽകിയിട്ടുള്ള ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം അവയുടെ കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

## ഹരിത കേരളം സംസ്ഥാനതല മിഷന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും

- ഹരിത കേരളം മിഷന്റെ ലക്ഷ്യങ്ങൾ നേടാൻ നടപടി സ്വീകരിക്കുക.
- പാരിസ്ഥിതിക പുന:സ്ഥാപനത്തിനും ഉത്പാദന ക്ഷമതാ വർദ്ധനക്കും നൂതന മേഖലാ വികസനത്തിനും അനുയോജ്യമായ വിവിധ തല പദ്ധതികൾക്കുള്ള പഠന ആസൂ ത്രണ പ്രവർത്തനങ്ങളും പദ്ധതി രേഖ തയ്യാറാക്കുന്നതിനും സാമ്പത്തിക സഹായവും ഉന്നത ഗുണനിലവാരവുമുള്ള സാങ്കേതിക സഹായവും ലഭ്യമാക്കുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ സാങ്കേതിക തർക്കങ്ങൾ തീർപ്പാക്കുന്നതിന് സഹായിക്കുക.
- പദ്ധതികൾക്ക് പ്രത്യേക സാങ്കേതിക സഹായം ആവശ്യമെങ്കിൽ അത് ലഭ്യമാക്കുക
- നൂതനവും അനുയോജ്യവുമായ സാങ്കേതിക വിദ്യകളുടെ പ്രയോഗം തദ്ദേശഭരണ സ്ഥാപന തലത്തിൽ സാധ്യമാക്കുക.
- മൂന്ന് ഉപമിഷനുകളുടെയും കർമ്മസേനാ പ്രവർത്തനങ്ങളിലെ ഏകോപന സാധ്യത കൾ വിലയിരുത്തി സംയോജനവും ഏകോപിത പ്രവർത്തനവും ഉറപ്പാക്കുക

## ജില്ലാ മിഷനുകളുടെ ചുമതലകൾ

- മിഷൻ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
- ഉദ്യോഗസ്ഥരുടെയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ

സ്ഥാപന തലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപനം ഉറപ്പാക്കുക
- ജില്ലാ ദൗത്യ രേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
- നിലവാരം ഉയർത്തേണ്ട വിദ്യാലയങ്ങളെയും ആശുപത്രികളെയും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക
- അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.

## പ്രത്യേക ചുമതലകൾ (Mission Specific Responsibilities)

## ബ്ളോക്ക്തല മിഷന്റെ ചുമതലകൾ

- ബ്ളോക്ക് തലത്തിൽ ഏകോപന/സംയോജന സാധ്യതകൾ ഉറപ്പാക്കുന്നതിന് വേണ്ടി രൂപീകരിക്കുന്ന റിസോഴ്സ് ടീമിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
- ബ്ളോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് സ്ഥാപന തല പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
- ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ സംയോജിപ്പിച്ചു നടത്തേണ്ട സംസ്ഥാനതല പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും സംബന്ധിച്ച മാർഗ്ഗരേഖ, നിർവ്വഹണ നിബന്ധനകൾ എന്നിവ തയ്യാറാക്കി പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സംയോജനം ഉറപ്പാക്കുക.
- മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ബ്ളോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് നൽകുക.

## ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷന്റെ ചുമതലകൾ

- ഗ്രാമ പഞ്ചായത്ത്/ നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- വിവിധ വകുപ്പുകളുടേയും ഉദ്യോഗസ്ഥരുടേയും ഏജൻസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- മിഷൻ പ്രവർത്തനങ്ങൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണ സമിതിക്ക് നൽകുക.
- മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിനും സാമൂഹ്യ - മത സംഘടനകൾ, പ്രവാസികൾ തുടങ്ങി സമസ്ത ജന വിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾക്ക് രൂപം നൽകുക.
- അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക

## ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും കർമ്മസേനകളുടെ ചുമതലകൾ

- വിവര ശേഖരണത്തിന് വേണ്ട സാങ്കേതിക സഹായം നൽകുക.
- മിഷനുകളുടെ ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ (Targets) വ്യക്തമായി നിർണ്ണയിക്കുക.
- ഗ്രാമപഞ്ചായത്ത് പ്രദേശത്തിനും നഗരസഭാ പ്രദേശത്തിനും വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുക (ഗ്രാമ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ ചുമതല നിറവേറ്റേണ്ടത്).
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്കും സ്കൂളുകൾക്കും സ്ഥാപനതല പദ്ധതി തയ്യാറാക്കി അവയെ തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിക്കുക.
- സംയോജിത പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടുകൾ അതത് തലങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള ശുപാർശ നൽകുക.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സാങ്കേതിക സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ജില്ലാ തല കർമ്മസേന മുഖേന സേവനം ലഭ്യമാക്കുക.
- മിഷന്റെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ ആവശ്യമായി വരുന്ന വിഷയത്തിൽ പരിഹാരനിർദ്ദേശങ്ങൾ ബന്ധപ്പെട്ട സമിതികളുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.
- ജില്ലാ/സംസ്ഥാനതലങ്ങളിൽ തീരുമാനം ആവശ്യമായി വരുന്ന സംഗതികളിൽ അതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപനം മുഖേന സമർപ്പിക്കുക.
- മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റ് ചെയ്യുക.
- മിഷൻ സംബന്ധമായ വിവരങ്ങൾ യഥാസമയം ഭരണസമിതിക്ക് റിപ്പോർട്ട് ചെയ്യുക
- മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും ജില്ലാ തല കർമ്മസേനക്കും ജില്ലാ ആസൂത്രണ സമിതിക്കും സമർപ്പിക്കുക.

## തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്ക്

- ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുക എന്ന ലക്ഷ്യത്തോടെയാണ് 4 മിഷനുകളും പ്രഖ്യാപിച്ചിട്ടുള്ളത്. മിഷനുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അധിക പ്രൊഫഷണൽ സഹായം ലഭ്യമാക്കുകയും ഫലാധിഷ്ഠിത പദ്ധതി നിർവ്വഹണത്തിനുവേണ്ട കാര്യപ്രാപ്തി വർദ്ധനവ് സാധ്യമാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
- വികസന ദൗത്യങ്ങൾ ഏറെക്കുറെ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഉൾപ്പെട്ട വിഷയങ്ങളാണ്. ശുചിത്വ – മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളാകട്ടെ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലയുമാണ്. ആയതിനാൽ ദൗത്യങ്ങളുടെ ആസൂത്രണവും നിർവ്വഹണവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

- സാങ്കേതിക സഹായം, സാങ്കേതിക വിദ്യാ കൈമാറ്റം, വകുപ്പുകളുടെ വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം, അധിക വിഭവങ്ങൾ എന്നിവയുടെ കാര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൈമാറിക്കിട്ടിയിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രൊഫഷണൽ വൈദഗ്ധ്യം പ്രാദേശിക ആസൂത്രണപ്രവർത്തനങ്ങൾക്ക് ലഭ്യമാകുമെന്നതാണ് ഇതിന്റെ ഒരു പ്രധാന സവിശേഷത. ജലസേചന വകുപ്പിലെ എഞ്ചിനീയർമാർക്ക് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ചുമതല നൽകികൊണ്ട് സ.ഉ.(എം. എസ്) നമ്പർ 72/2016/ജലവിഭവം; തീയതി 05.12.2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- മിഷനുകളുമായി ബന്ധപ്പെട്ട മേഖലകളിൽ ഒറ്റ ആസൂത്രണ പ്രക്രിയയിലൂടെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനം ഏറ്റെടുത്ത പദ്ധതികൾ വകുപ്പുകൾ അംഗീകരിച്ച കേന്ദ്ര-സംസ്ഥാനതല പദ്ധതികൾ, പൊതുസമൂഹം ജനകീയമായി ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒരു സംയോജിത പ്ളാൻ തയ്യാറാക്കുകയും സാങ്കേതിക സഹായവും ഗുണമേന്മയും ഉറപ്പാക്കി പ്ളാനിലെ ഘടകങ്ങൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവും വകുപ്പുകളും നടപ്പാക്കുകയും ചെയ്യുക എന്ന രീതിശാസ്ത്രം അവലംബിക്കുന്നതാണ്. ഇതിന് വകുപ്പുകളുടേയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്നതാണ്.

## ആസൂത്രണവും നിർവഹണവും

### ശുചിത്വ - മാലിന്യ സംസ്കരണം

ഏറ്റവും താഴെതലത്തിൽ / ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ കഴിയുന്ന ജൈവ മാലിന്യങ്ങൾ അവിടെ തന്നെ സംസ്കരിക്കുകയും അതിനു കഴിയാത്തവ മാത്രം അനുയോജ്യമായ മറ്റു തലങ്ങളിൽ സംസ്കരിക്കുകയും ചെയ്യുക (വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണം) എന്ന രീതി പ്രാവർത്തികമാക്കുന്ന തരത്തിൽ വേണം പദ്ധതി തയ്യാറാക്കേണ്ടത്. അതായത് ഗാർഹിക/സ്ഥാപനതലങ്ങളിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യം അവിടെത്തന്നെ സംസ്കരിക്കുകയും അതിനു കഴിയാത്തവ മാത്രം അയൽക്കൂട്ടം, കമ്മ്യൂണിറ്റി, വാർഡ്, തദ്ദേശ ഭരണ സ്ഥാപനം തുടങ്ങിയ അനുയോജ്യമായ തലത്തിൽ സംസ്കരിക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്. അജൈവ മാലിന്യം പുന:ചംക്രമണ വിധേയമാക്കുന്നതിലേക്ക് തരംതിരിച്ച് വൃത്തിയാക്കി കൈമാറുകയും ആയത് മെറ്റീരിയൽ റിക്കവറി ഫസിലിറ്റി കേന്ദ്രത്തിൽ കൃത്യമായി എത്തിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ പദ്ധതി തയ്യാറാക്കണം.

### മണ്ണ്- ജല സംരക്ഷണം

നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ച് ശുദ്ധീകരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കി ജല ലഭ്യതയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന സംയോജിത നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കേണ്ടതാണ്.

**കൃഷി വികസനം**

മാലിന്യ സംസ്കരണത്തിൽ നിന്നും ലഭിക്കുന്ന കമ്പോസ്റ്റിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി ജൈവ കൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ട സമഗ്ര പദ്ധതി തയ്യാറാക്കണം. കൃഷിക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങൾക്ക് വേണ്ടി പ്രത്യേക പദ്ധതിയും (Area Based Plan) അല്ലാത്തയിടങ്ങളിൽ കർഷകരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതിയും (Farmer Based Plan) തയ്യാറാക്കി അവയെ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കണം.

- ഇത്തരത്തിൽ ഗ്രാമ /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ബ്ളോക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ ക്രോഡീകരിച്ച് ദൗത്യരേഖ (Mission Document) തയ്യാറാക്കേണ്ടതാണ്.
- മേൽ സൂചിപ്പിച്ചതുപ്രകാരം തയ്യാറാക്കുന്ന പദ്ധതിയെ അടിസ്ഥാന മാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ പ്രോജക്ടുകളായി രൂപപ്പെടുത്തി അവയുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടേയും വാർഷിക പദ്ധതികളുടേയും ഭാഗമാക്കി നടപ്പാക്കണം. വകുപ്പുകൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപ്പാക്കുന്നതാണ്.
- ജില്ലാതലത്തിൽ വിവിധ പരിപാടികളുടെയും വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും ഏകോപനവും സമന്വയവും ആസൂത്രണത്തിൽ ഉറപ്പാക്കേണ്ട പ്രധാന ഉത്തരവാദിത്വം ജില്ലാ ആസൂത്രണ സമിതിക്കായിരിക്കും.
- കൃഷി വികസനം, വാട്ടർഷെഡ് മാനേജ്മെന്റ് തുടങ്ങിയവയുടെ കാര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന ഫണ്ടുകൾ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലൂടെ ചെലവഴിക്കാൻ കഴിയുകയില്ലെങ്കിലും സമന്വയ സാധ്യതകൾ പ്രയോജനപ്പെടുത്തി നിർവ്വഹണം നടത്തുന്നതിന് കഴിയുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനം കാര്യക്ഷമമാക്കുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 3057/2017/തസ്വഭവ തിരുവനന്തപുരം, തീയതി 15.09.2017

പരാമർശം :-1. സ.ഉ(പി) നം.10/2017/ആസാവ തീയതി 19.04.2017

2.സ.ഉ.(സാധാ) നം. 2420/2017/തസ്വഭവ തീയതി 15.07.2017

**ഉത്തരവ്**

ശുചിത്വ - മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം വർധിപ്പിക്കുന്നതിന് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന് രൂപം നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഹരിതകേരളം മിഷന്റെ ഉപമിഷനുകളിൽ ഒന്നായ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. ഹരിത കേരളം മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനു ഓരോ പ്രദേശങ്ങളുടെയും സവിശേഷതകൾക്കനുസരിച്ച് വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് അവയുടെ ഏകോപനം സാധ്യമാക്കി നടപ്പിലാക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ചുമതല നഗരസഭകളിൽ ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർക്കും ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി/ ഹെഡ് ക്ലർക്കിനും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു .എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

**കേരള സർക്കാർ**

## സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

**സ.ഉ(പി)നം 10/2017/ആ.സാ.വ തിരുവനന്തപുരം, തീയതി, 19.04.2017**

---

പരാമർശം :- 1. സ.ഉ.(പി) നം. 41/2016/ആ.സാ.വ തീയതി 28.09.2016

2. സ.ഉ.(പി) നം. 50/2016/ആ.സാ.വ തീയതി 26.11.2016

## ഉത്തരവ്

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കി വരുന്ന പ്രധാനപ്പെട്ട ഒരു പരിപാടിയാണ് 'നവകേരളം കർമ്മപദ്ധതി'. സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ള പരിഷ്ക്കാരങ്ങൾക്ക് അടിത്തറ പാകുന്നതിനും വേണ്ടിയുള്ള കാലിക പ്രസക്തിയുള്ള ദൗത്യങ്ങളാണ് 'നവകേരളം കർമ്മപദ്ധതി'.

2. ലക്ഷ്യങ്ങൾ വ്യക്തമായി മുൻകൂട്ടി നിർണ്ണയിക്കൽ, ചിട്ടയായ ആസൂത്രണം, സൂക്ഷ്മതയോടെയുള്ള നിർവഹണം, ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം എന്നിവയാണ് നവകേരളം കർമ്മപദ്ധതിയുടെ സവിശേഷതകൾ. ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി താഴെ പറയുന്ന നാല് വികസനമിഷനുകളാണ് നവകേരളം കർമ്മപദ്ധതിയിൽ ഇപ്പോൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

   1. സമ്പൂർണ്ണ പാർപ്പിടം - ലൈഫ് മിഷൻ
   2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ - ആർദ്രം മിഷൻ.
   3. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
   4. ശുചിത്വ - മാലിന്യ സംസ്കരണം, മണ്ണ്- ജല സംരക്ഷണം, ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിത കേരളം മിഷൻ.

3. ബഹുജന പങ്കാളിത്തവും എല്ലാ മേഖലയിലേയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മകളുടെ സമഗ്ര പങ്കാളിത്തവും ഉറപ്പാക്കിയുള്ളതാണ് നവകേരളം കർമ്മപദ്ധതിയുടെ നിർവ്വഹണ സമീപനം. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് താഴെത്തട്ടുകളിൽ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്.

4. നാലു വികസന മിഷനുകളുടെ 2016 നവംബർ 10-ന് നടന്ന സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വികസന സെമിനാറിലും സംസ്ഥാനത്തിന്റെ വിവിധ

മേഖലകളിലും തലങ്ങളിലുമുള്ള പൊതുജനങ്ങളുമായും ജനപ്രതിനിധികളുമായും അനുഭവ സമ്പത്തുള്ള വിദഗ്ദ്ധരുമായും നടത്തിയ കൂടിയാലോചനാ യോഗങ്ങളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മിഷനുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. കേരളം നേരിടുന്ന സാമൂഹ്യ സാമ്പത്തിക വെല്ലുവിളികൾ കാലാനുസൃതമായി വിലയിരുത്തി കൂടുതൽ മേഖലകളിലെ ഇടപെടലുകൾക്ക് സമയാസമയത്ത് രൂപം നൽകി നവകേരളം കർമ്മപദ്ധതിയിൽ കൂട്ടിച്ചേർക്കപ്പെടുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ-ആരോഗ്യസംരക്ഷണ-ക്ഷേമപ്രവർത്തന രംഗങ്ങളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, കമ്പനികൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന സംഘടനകളുടേയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധ സേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായസഹകരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്.

6. ഈ സാഹചര്യത്തിൽ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സമീപനം, മിഷൻ ഘടന, സഹായ സംവിധാനങ്ങൾ, വിവിധ തലങ്ങളിലെ മിഷനുകളുടേയും സഹായ സംവിധാനങ്ങളുടേയും ചുമതലകളും ഉത്തരവാദിത്വങ്ങളും എന്നിവയെ സംബന്ധിച്ച്, ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് പകരമുള്ളതാണ് ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള മാർഗരേഖ എന്നും സർക്കാർ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നളിനിനെറ്റോ**

ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രൻസിപ്പൽ സെക്രട്ടറിമാർ /സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും
എല്ലാ ഓഫീസർമാർക്കും,
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പു മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക് (പ്ലാനിംഗ്)